പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3342 — 18.2.2013-ൽ മറുപടിക്ക്

ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ
നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കെ.എസ്.യു.ഡി.പി. ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ വിവിധ നഗരസഭ ക ളിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളിൽ എത്ര എണ്ണമാണ് പൂർത്തിയായത് ; വ്യക്തമാക്കുമോ ; | എ) | തൃശ്ശൂർ നഗരസഭയുടെ പരിധിയിൽ ഒരെണ്ണം പൂർത്തിയായി. |
| ബി) | ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു ; | ബി) | 40 കോടി രൂപ. |
| സി) | പ്രസ്തുത പദ്ധതികൾക്കുള്ള നേട്ടങ്ങൾ വ്യക്തമാക്കാമോ? | സി) | പീച്ചിമുതൽ ചെമ്പുക്കാവ് വരെയുള്ള 18.5 കി.മീ. ദൂരം പുതിയ 700 മി. മീ. വ്യാസമുള്ള ഡക്ടയിൽ അയൺ പൈപ്പ് പുതുതായി സ്ഥാപിച്ചതിനാൽ നിലവിൽ ഉണ്ടായിരുന്ന കോൺക്രീറ്റ് പൈപ്പിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന പൊട്ടലും, ചോർച്ചയും മൂലമുണ്ടായ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുവാൻ കഴിഞ്ഞു. കൂടാതെ 36.MLD ശുദ്ധീകരണശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സമഗ്രമായ നവീകരണ പ്രവർത്തനം നടത്തിയതിനാൽ കുടിവെള്ളത്തിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് മുഴുവൻ ശുദ്ധീകരണ ശേഷിയും പ്രാവർത്തികമാക്കാൻ കഴിഞ്ഞു. ഇതുമൂലം തൃശൂർ നഗരത്തിലും സമീപവാർഡുകളിലും കുടിവെള്ള വിതരണം മെച്ചപ്പെടുത്താൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ